കേരള സർക്കാർ

നം. 131/എഫ്.എം.3/2019/തസ്വഭവ

തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്
തിരുവനന്തപുരം, തീയതി: 02/05/2019

## സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - മഴക്കാല പൂർവ്വ ശുചീകരണം, പകർച്ചവ്യാധി പ്രതിരോധം എന്നിവയ്ക്കായി കൈക്കൊള്ളേണ്ട തുടർ നടപടി സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ

സൂചന:- ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 29/04/2019 ൽ കൂടിയ യോഗത്തിലെ തീരുമാനം.

മഴക്കാല പൂർവ്വ ശുചീകരണം, പകർച്ചവ്യാധി പ്രതിരോധം എന്നിവയ്ക്കായി കൈക്കൊള്ളേണ്ട തുടർ നടപടി സംബന്ധിച്ച് ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 29/04/2019 ൽ കൂടിയ യോഗത്തിൽ കൈക്കൊണ്ട തീരുമാനപ്രകാരം ചുവടെ ചേർത്തിട്ടുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. മഴക്കാലത്തിനു മുന്നോടിയായി കുളങ്ങളും, നദികളും, തോടുകളും വൃത്തിയാക്കി ഒഴുക്ക് സുഗമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. മാലിന്യ സംസ്കരണത്തിനായി ജനവാസം ഇല്ലാത്ത അനുയോജ്യമായ സ്ഥലം കണ്ടെത്തി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. മഴക്കാല പൂർവ്വ ശുചീകരണം, പകർച്ച വ്യാധി പ്രതിരോധം എന്നിവ സംസ്ഥാനത്ത് കാര്യക്ഷമമായി നടപ്പാക്കുന്നതിനായി, 2019 മെയ് 11, 12 തീയതികളിൽ സംസ്ഥാന വ്യാപകമായി ശുചീകരണ യജ്ഞം നടത്തുന്നതിന് മുന്നോടിയായി ഒരു പദ്ധതി രൂപരേഖ തയ്യാറാക്കേണ്ടതുണ്ട്. ഇതിനായി 2019 മെയ് 3, 4 തീയതികളിൽ മന്ത്രിമാരുടെ അദ്ധ്യക്ഷതയിൽ ബന്ധപ്പെട്ട എം.എൽ.എ മാർ, കോർപ്പറേഷൻ/ മുനിസിപ്പാലിറ്റി ചെയർമാൻ/ചെയർപേഴ്സൺ, ജില്ല/ ബ്ലോക്ക്/ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർ, ശുചിത്വ മിഷൻ പ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തി ഒരു യോഗം അതാത് ജില്ലാ കളക്ടർ വിളിച്ച് ചേർക്കേണ്ടതാണ്.

4. ദേശീയ ആരോഗ്യ മിഷൻ, ശുചിത്വ മിഷൻ, തദ്ദേശ സ്ഥാപനങ്ങളുടെ ബന്ധപ്പെട്ട ഫണ്ടുകൾ അടിയന്തരമായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

**ഡോ. മിത്ര റ്റി.ഐ.എ.എസ്**
**അഡീഷണൽ സെക്രട്ടറി &**
**സെക്രട്ടറി, തദ്ദേശ സ്വയംഭരണ (അർബൻ) വകുപ്പ് i/c**

എല്ലാ ജില്ലാകളക്ടർമാർക്കും
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

ഡയറക്ടർ, ആരോഗ്യ കുടുംബക്ഷേമ വകുപ്പ്, തിരുവനന്തപുരം

എല്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖാന്തരം)

എല്ലാ കോർപ്പറേഷൻ/നഗരസഭാ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖാന്തരം)

എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖാന്തരം)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.(വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ

മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി

ഡയറക്ടർ, സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എൽ.ബി.എ.&എ ), കേരള, തിരുവനന്തപുരം.

തദ്ദേശ സ്വയംഭരണ (ഡി.എ/ഡി.ബി/ഡി.സി

ധനകാര്യ വകുപ്പ്/ ആരോഗ്യ വകുപ്പ്/ ജലവിഭവ വകുപ്പ് / റവന്യൂ വകുപ്പ്

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Remalo

സെക്ഷൻ ഓഫീസർ.